# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1177** **10.08.2017-ൽ മറുപടിയ്ക്ക്**

## അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

**ചോദ്യം** **ഉത്തരം**

ശ്രീ . എ.എം.ആരിഫ് പ്രൊഫ : സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് ചേർത്തല ഡി.ഇ.ഒ പരിധിയിലുള്ള എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക ലഭിക്കാനുണ്ട്; എന്തു കാരണങ്ങളാലാണ് അത് നൽകാൻ കഴിയാത്തത് ;

ബി) വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതുമായി ബന്ധപ്പെട്ട എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത്; ഇത് എന്നത്തേക്ക് കൊടുക്കാനാവും എന്ന് വ്യക്തമാക്കുമോ?

എ) യും ബി) യും

ഒന്നു മുതൽ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് 2016-17 വർഷത്തെ സ്കോളർഷിപ്പ് തുക പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 വർഷത്തെ 22,831 കുട്ടികൾക്ക് 5,59,96,350/-(അഞ്ചുകോടി അൻമ്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുന്നൂറ്റി അൻപത്) രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. 9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ 19941 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക അർഹരായ കുട്ടികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി അസിസ്റ്റൻറ് ഡയറക്ടർമാർക്കും ആർ.എം.എസ്.എ യിൽ നിന്ന് കൈമാറിയിട്ടുണ്ട്. ചേർത്തല ഡി.ഇ.ഒ.യ്ക്ക് 5,42,400/-(അഞ്ചു ലക്ഷത്തി നാല്പത്തി രണ്ടായിരത്തി നാന്നൂറ്) രൂപ ഈ ഇനത്തിൽ അനുവദിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ